II ഇ.ബി. XIII- കേരള നിയമസഭ/X-2

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

ചോദ്യോത്തരങ്ങൾ – സംഗ്രഹം

2014 ജനുവരി 07, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

5(*31) പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ സംരക്ഷണം

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ കുഞ്ഞാലിക്കുട്ടി) നൽകിയ മറുപടിയിൽ, പരമ്പരാഗത വ്യവസായ മേഖലയിൽ ഗുരുതരമായ പ്രതിസന്ധി നിലവിലില്ലെന്നും ഈ മേഖലയുടെ ദീർഘകാലാടിസ്ഥാനത്തിലുള്ള നിലനിൽപ്പിനും വളർച്ചയ്ക്കുംവേണ്ടി നൂതനമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടത് ആവശ്യമാണെന്നും സഭയെ അറിയിച്ചു. കൈത്തറി വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാർ ആവിഷ്കരിച്ച റിവൈവൽ, റിഫോംസ് ആന്റ് റീസ്ട്രക്ചറിംഗ് പാക്കേജ് പ്രകാരം അപ്പക്സ് സൊസൈറ്റി, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ, വ്യക്തിഗത നെയ്ത്തുകാർ എന്നിവർക്ക് ആനുകൂല്യം ലഭിക്കുമെന്നും കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ നൽകുന്നതിനായി ഇൻകം സപ്പോർട്ട് സ്കീമും കൈത്തറി നെയ്ത്തുകാരുടെ

ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമും നടപ്പിലാക്കിവരുന്നുണ്ട്. വിപണനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഊന്നൽ നൽകുന്നുണ്ടെന്നും കൈത്തറി മേഖലയിലെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും പരിഹാരം കണ്ടെത്തുന്നതിനും അടിസ്ഥാന രേഖകൾ ശേഖരിക്കുന്നതിനും 50 ലക്ഷം രൂപ ചെലവിൽ സർവ്വേ നടത്തുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് കൈത്തറി മേഖലയെ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി എൻജിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികൾ റിസർച്ച് നടത്തി ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സഭയിൽ സമർപ്പിക്കുന്നതാണെന്നും കൈത്തറി സഹകരണ സംഘങ്ങളുടെ സാമ്പത്തിക സഹായത്തിൽ കുറവ് വരുത്തിയിട്ടില്ലെന്നും മന്ത്രി അറിയിച്ചു. ഖാദി മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതിപ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്. ഖാദി തൊഴിലാളികൾക്ക് സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ മിനിമം വേതനവും ക്ഷേമനിധി ബോർഡുവഴി പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും നൽകുന്നുണ്ടെന്നും ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കരകൗശല ഉല്പന്നങ്ങളുടെ പുതിയ ഡിസൈൻ തയ്യാറാക്കുന്നതിനും നവീകരണ പ്രക്രിയ നടപ്പിലാക്കുന്നതിനുമായി കുറഞ്ഞ പലിശനിരക്കിൽ തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. കരകൗശല മേഖലയിലെ ശില്പികൾക്കുള്ള കുടിശ്ശിക തീർക്കാൻവേണ്ടി സാമ്പത്തിക സഹായവും തൊഴിലാളികൾക്ക് സ്കിൽ അപ്ഗ്രഡേഷൻവഴി കൂടുതൽ വരുമാനം ലഭിക്കു

ന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്. കയർ വ്യവസായ മേഖലയിൽ ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുകയും ഇൻസെന്റീവ് വർദ്ധിപ്പിച്ച് തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിക്കുകയും നിയന്ത്രിത യന്ത്ര വത്കരണം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കയർ സഹകരണസംഘ ങ്ങൾക്ക് പുനരുദ്ധാരണ പദ്ധതിപ്രകാരം പ്രവർത്തനമൂലധനം ഉൾപ്പെടെയുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. കശുമാവ് കൃഷി വ്യാപിപ്പിക്കുകയും കൂടുതൽ പ്രവർത്തനമൂലധനം അനുവദിക്കുകയും ചെയ്യുന്നതിനാൽ കശുവണ്ടി മേഖലയിലെ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകാൻ കഴിയുമെന്നും ഭാഗികമായ യന്ത്രവത്കരണം നടപ്പിലാക്കിയിട്ടുണ്ടെന്നും സർക്കാർ ഏറ്റെടുത്ത കശുവണ്ടി ഫാക്ടറി കൾക്ക് കോമ്പൻസേഷൻ നൽകുന്നതിന് 25 കോടി രൂപ വകയിരുത്തിയി ട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ബാംബൂ കോർപ്പറേഷന്റെ കീഴിലുള്ള ഈറ്റ–പനമ്പ്–നെയ്ത്ത് തൊഴിലാളികൾക്ക് മിനിമം വേതനം ഏർപ്പെടുത്തുകയും ഈറ്റ ഉല്പന്നങ്ങളുടെ വൈവിദ്ധ്യവത്കരണത്തിനായി മുള ഉപയോഗിച്ച് ബാംബു ബോഡ് വിപണിയിലിറക്കുകയും ചെയ്തിട്ടുണ്ട്. പരമ്പരാഗത ഈറ്റത്തൊഴിലാളികൾക്ക് മിനിമം വേജസ് ഏർപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചിരിക്കുകയാണെന്നും ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് ചർച്ച ചെയ്ത് തീരുമാനിക്കുന്ന താണെന്നും മന്ത്രി വ്യക്തമാക്കി. കയർപിരി മേഖലയിലെ മിനിമം കൂലി 260 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് റവന്യൂവും കയറും വകുപ്പുമന്ത്രി വ്യക്തമാക്കി.

6 (*32) <u>ആണവ വൈദ്യുതി</u>

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) നൽകിയ മറുപടിയിൽ, 15–11–2013–ന് തമിഴ്നാട്ടിലെ കൂടംകുളം ആണവ നിലയത്തിൽ നിന്നും മിനിസ്റ്ററി ഓഫ് പവർ (MoP) അലോക്കേഷൻ പ്രകാരം കേരളത്തിന് ലഭിക്കേണ്ട 266 MV വൈദ്യുതിക്കുള്ള കരാർ ഒപ്പുവച്ചിട്ടുണ്ടെന്നും ഒന്നാം നമ്പർ റിയാക്ടർ (1000 മെഗാവാട്ട്) 2013 ഒക്ടോബർ 22–ന് പരീക്ഷണാർത്ഥം പ്രവർത്തിപ്പിച്ചു തുടങ്ങിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഇപ്പോൾ ഈ നിലയത്തിൽ നിന്നും 250–400 മെഗാവാട്ട് വരെ വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ടെന്നും കമേഴ്സ്യൽ ഓപ്പറേഷൻ ആരംഭിക്കുന്നതുവരെ വൈദ്യുതി അൺഷെഡ്യൂൾഡ് ഇന്റർ ചേഞ്ച് മുഖേന ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്ക് വീതം വച്ച് കൊടുത്തിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഒന്നാമത്തെ യൂണിറ്റ് വാണിജ്യാടിസ്ഥാനത്തിൽ പൂർണ്ണതോതിൽ ഉല്പാദനം ആരംഭിക്കുന്ന മുറയ്ക്ക് കേരളത്തിന് അൺ അലോക്കേറ്റഡ് ഷെയർ ഉൾപ്പെടെ 150 മെഗാവാട്ട് വൈദ്യുതി ലഭ്യമാകും. കൂടംകുളത്തുനിന്നുള്ള വൈദ്യുതി പ്രസരണം നടത്തുന്നതിന് തിരുനെൽവേലി മുതൽ മാടക്കത്തറ വരെ 400 കെ.വി ലൈൻ വലിച്ച് കൊച്ചിയിൽ (പള്ളിക്കര) ഒരു 400 കെ.വി സബ്സ്റ്റേഷൻ പവർഗ്രിഡ് കോർപ്പറേഷൻ (PGCIL) മുഖേന സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. തിരുനെൽവേലി മുതൽ ഇടമൺ വരെയും പള്ളിക്കരയിൽ നിന്നും മാടക്കത്തറ വരെയുമുള്ള ലൈൻ വലിക്കുന്ന പ്രവൃത്തിയും പള്ളിക്കരയിലെ 400 കെ.വി സബ്സ്റ്റേഷന്റെ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. ഇടമൺ മുതൽ കൊച്ചി (പള്ളിക്കര) വരെയുള്ള ലൈനിന്റെ പ്രവൃത്തികൾ

കർഷകരുടെ എതിർപ്പു കാരണം തടസ്സപ്പെട്ടത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 11.12.2013-ൽ ചേർന്ന യോഗത്തിൽ ബന്ധപ്പെട്ട ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ആക്ഷൻ കൗൺസിൽ പ്രതിനിധികൾ എന്നിവരുമായി ഭൂവുടമകൾക്ക് അനുവദിക്കാവുന്ന പ്രത്യേക നഷ്ടപരിഹാര പാക്കേജ് സംബന്ധിച്ച കരട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തുവെന്നും ഉടൻതന്നെ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനും പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനും കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി. വൈദ്യുതിയുടെ ഉപഭോഗം വർദ്ധിച്ചുവരുന്നതിനാൽ അന്യസംസ്ഥാനങ്ങളിൽ നിന്ന് വൈദ്യുതി വാങ്ങേണ്ടിവരുന്നതിനാൽ താരിഫ് റേറ്റിൽ കുറവു വരുത്താൻ സാധിക്കുകയില്ലെന്നും ഗ്രാമപ്രദേശങ്ങളിൽ അണ്ടർഗ്രൗണ്ട് കേബിളിംഗ് നടപ്പാക്കുന്നതിന് സബ്സിഡി നൽകണമെന്ന് പവർ മിനിസ്റ്റേഴ്സ് കോൺഫറൻസിൽ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ബ്രഹ്മപുരത്ത് 400 മെഗാവാട്ട് എൽ.എൻ.ജി. പവർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടെന്നും ഇന്റർനാഷണൽ ക്വട്ടേഷൻ വിളിച്ച് അത് പ്രാവർത്തികമാക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

7 (*33) <u>കാരുണ്യ ബെനവലന്റ് ഫണ്ട്</u>

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) നൽകിയ മറുപടിയിൽ, 26.02.2012 -ന് ആരംഭിച്ച കാരുണ്യ ബെനവലന്റ് ഫണ്ട് സൗജന്യ ചികിത്സാ പദ്ധതി പ്രകാരം 31.12.2013 വരെ 27275 രോഗികൾക്ക് 286.36 കോടി രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ടെന്നും കൂടുതൽ രോഗികളെ ഉൾപ്പെടുത്തുന്നതിനായി കുടുംബ

വരുമാന പരിധി 3 ലക്ഷം രൂപയാക്കി ഉയർത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പ്രസ്തുത പദ്ധതിപ്രകാരം ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗം, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ, ഗുരുതരമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാ നാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരക രോഗങ്ങൾ, തലച്ചോർ, കരൾ എന്നിവയുടെ സർജറി ഉൾപ്പെടെയുള്ള ചികിത്സ എന്നിവയ്ക്കെല്ലാം ചികിത്സാ ധനസഹായം നൽകുന്നുണ്ടെന്നും താലസീമിയ, സിക്കിൾസെൽ അനീമിയ, ഗുരുതരമായ മാനസികരോഗം എന്നിവകൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി ക്രമങ്ങൾ ശുപാർശ ചെയ്യുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഗില്ലൻബാരി സിൻഡ്രോം എന്ന രോഗത്തെ കാരുണ്യ ചികിത്സാ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് വിദഗ്ദ്ധാഭിപ്രായം ആരാഞ്ഞശേഷം തീരുമാനമെടുക്കുന്നതാണ്. വൃക്ക രോഗികൾക്ക് കൂടുതൽ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് 28 സ്വകാര്യ ഡയാലിസിസ് സെന്ററുകളെക്കൂടി കാരുണ്യ ബെനവലന്റ് ഫണ്ടിലേക്ക് അക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുകയും 5 സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ 10 ഡയാലിസിസ് മിഷ്യനുകൾ ഉൾപ്പെടുന്ന കാരുണ്യ ഡയാലിസിസ് സെന്ററുകൾ തുടങ്ങാൻ അനുമതി നൽകുകയും ഒരു സെന്റർ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. അടിയന്തിര ചികിത്സ തടസ്സം കൂടാതെ നടത്തുന്നതിനായി ഇംപ്രസ്റ്റ് ഫണ്ട് നൽകിയിട്ടുണ്ട്. 838 ഹീമോഫീലിയ രോഗികളെ പ്രത്യേകമായി രജിസ്റ്റർ ചെയ്ത് അത്യാവശ്യ ഘട്ടങ്ങളിൽ കേരള മെഡിക്കൽ

സർവീസ് കോർപ്പറേഷനിലൂടെ ഫാക്ടർ (മരുന്ന്) നൽകുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി. വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങളുള്ള എല്ലാ സർക്കാർ ആശുപത്രികളിലും പരിയാരം, കൊച്ചി സഹകരണ മെഡിക്കൽ കോളേജ് ആശുപത്രികളിലും ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നീ ആശുപത്രികളിലും ചികിത്സ തേടുന്നവർക്കാണ് ആദ്യഘട്ടത്തിൽ ചികിത്സാ ധനസഹായം ലഭിച്ചിരുന്നതെന്നും വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങളുള്ളതും നിശ്ചിത ചികിത്സാ പാക്കേജും നിരക്കുകളും അനുസരിച്ച് ചികിത്സ നടത്താൻ തയ്യാറായതുമായ 60 സർക്കാരിതര ആശുപത്രികളിലും 28 ഡയാലിസിസ് സെന്ററുകളിലും ചികിത്സ തേടുന്നവർക്കും ചികിത്സാ ധനസഹായം ലഭ്യമാക്കുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. സർക്കാർ നെഗോഷ്യേറ്റ് ചെയ്തിട്ടുള്ള റേറ്റിൽ ചികിത്സ നടത്താൻ തയ്യാറുള്ള സ്വകാര്യ ആശുപത്രികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്. സർക്കാർ ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് അടിയന്തര ഘട്ടങ്ങളിൽ സർജറി ഉൾപ്പെടെയുള്ള ചികിത്സ ആവശ്യമായി വന്നാൽ 24 മണിക്കൂറിനുള്ളിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ പ്രീ ആതറൈസേഷൻ നൽകുന്നതാണെന്നും അപേക്ഷ നൽകുന്നതിനു മുമ്പ് സർജറിക്ക് വിധേയരാകേണ്ടി വരുന്ന ഗുണഭോക്താക്കൾ സർജറി കഴിഞ്ഞ് 48 മണിക്കൂറിനുള്ളിൽ ബന്ധപ്പെട്ട ജില്ലാ ഭാഗ്യക്കുറി ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചാലും ധനസഹായത്തിനായി പരിഗണിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. സംസ്ഥാന ഓഫീസിലേയ്ക്ക് ശുപാർശ ചെയ്തിട്ടുള്ള കേസ്സുകളിൽ അടിയന്തരമായി സർജറി ഉൾപ്പെടെയുള്ള ചികിത്സ ആവശ്യമായി വന്നാൽ 12 മണിക്കൂറിനുള്ളിൽ പ്രീ

ആതറൈസേഷൻ നൽകുന്നതാണ്. ചികിത്സാ ധനസഹായം നൽകിയ രോഗികൾക്ക് തുടർ ചികിത്സക്കായി ധനസഹായം നൽകുന്നതിനുള്ള സാധ്യതകൾ വിലയിരുത്തി റിപ്പോർട്ട് ചെയ്യുന്നതിന് ഹെൽത്ത് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുന്ന രോഗികൾക്കും കൂട്ടിരുപ്പുകാർക്കും താമസ സൗകര്യം നൽകുന്നതിനായി മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കാരുണ്യ ഹോമുകൾ നിർമ്മിക്കുന്നതാണ്. താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതാണ്. അപേക്ഷ പ്രോസസ് ചെയ്യുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിക്കായി മറ്റൊരു ലോട്ടറികൂടി ആരംഭിക്കുന്നതും സമ്മാനാർഹരായവർ കൈപ്പറ്റാത്ത തുക ഈ ചികിത്സാ സഹായ പദ്ധതിയിലേയ്ക്ക് ക്രമീകരിക്കുന്നതും സംബന്ധിച്ച് പരിശോധിക്കുന്നതാണെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 341 മുതൽ 709 വരെയുള്ള ചോദ്യങ്ങളിൽ 102 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)